"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കാപ്പാട് കടൽ തീരത്തിലെ സി.പി. 1911 നും സി.പി.1919-നും ഇടയിലുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 29.16% ഉയർന്ന നിരക്കിൽ M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (M/s. ULCCS Ltd) സമർപ്പിച്ച ₹6,51,28,302.92/- രൂപയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ(ഐ ആർ) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/WRD തീയതി,തിരുവനന്തപുരം, 14-02-2026

---

പരാമർശം:-
1. സ ഉ (പി )നം. 67/2021/ധന തിയതി 28.04.2021.
2. സ.ഉ(സാധാ)നം.661/2024/ജവിവ തിയതി 30.08.2024.
3. 14.06.2025 തീയതിയിലെ CEIA/2655/2024-(W5) നമ്പർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം സമർപ്പിച്ച കത്ത്.

**ഉത്തരവ്**

1. പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം "Construction and reformation of Kappad seawall in between CP 1911 and CP 1919 in Koyilandy constituency in Kozhikode District എന്ന പ്രവൃത്തിയ്ക്ക് ₹ 6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും പങ്കെടുക്കാതിരുന്നതിനാൽ റീ ടെണ്ടർ ചെയ്യുകയും 2 കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വച്ച് നടന്ന PQ കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത രണ്ട് കരാറുകാരേയും അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 10/04/2025-ന് കരാറുകാരുടെ ഫിനാൻഷ്യൽ ബിഡ് തുറന്നിരുന്നു. പ്രസ്തുത കരാറുകാരിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ M/s. ULCCS Ltd, Madappally College, Vadakara -673102 (29.16% എസ്റ്റിമേറ്റ് പി എ സി -യെക്കാൾ കൂടുതൽ) -എന്ന കരാറുകാരനോട് നിരക്ക് കുറച്ച് നല്കുവാൻ PRICE മുഖാന്തരം ആവശ്യപ്പെട്ടുവെങ്കിലും ക്വാട്ട് ചെയ്ത നിരക്കുകൾ കുറച്ച് നൽകുവാൻ സമ്മതമല്ല എന്ന് അറിയിച്ചു. തുടർന്ന് 26.05.2025-ന് ചേർന്ന ഡിപ്പാർട്ട്മെന്റൽ ടെണ്ടർ കമ്മിറ്റി കരാറുകാരനോട് വീണ്ടും നെഗോഷ്യേഷൻ ആവശ്യപ്പെട്ടുവെങ്കിലും കരാറുകാരൻ പ്രൈസ് മുഖേന ക്വാട്ട് ചെയ്ത നിരക്കുകൾ കുറച്ച് നൽകുവാൻ സമ്മതമല്ല എന്ന് അറിയിച്ചു.

2. പരാമർശം 1 സർക്കാർ ഉത്തരവ് അനുസരിച്ച് ചുവടെ പറയുന്നതിൽ ഏറ്റവും കുറഞ്ഞ തുകയാണ് അനുവദനീയമായ ടെൻഡർ നിരക്ക്.

1. ഏറ്റവും കുറഞ്ഞ ടെൻഡർ തുക
2. പിഡബ്ല്യൂഡി അംഗീകരിച്ച പ്രാദേശിക വിപണി നിരക്കുകൾ
3. ഏറ്റവും പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള നിലവിലെ ഡിഎസ്ആർ +10% ടോളറൻസ് പരിധി.

3. DSR 2021 പ്രാബല്യത്തിൽ വന്നതിനാലും തുടർന്നും റീടെണ്ടർ ചെയ്താലും ഇതിലും കുറവ് നിരക്ക് ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാലും M/s. ULCCS Ltd. ക്വാട്ട് ചെയ്ത എസ്റ്റിമേറ്റ് പി എ സി -യെക്കാൾ 29.16% അധിക നിരക്കിലുള്ള ₹6,51,28,302.92/- രൂപയുടെ ടെണ്ടർ അംഗീകരിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ചീഫ് എൻജിനീയർ ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കരാറുകാരിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ M/s ULCCS ltd- നോട് നിരക്ക് കുറച്ചു നൽകുവാൻ PRICE മുഖാന്തരവും, Departmental Tender Committee തീരുമാന പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും quote ചെയ്ത നിരക്കുകൾ കുറച്ചു നൽകുവാൻ സമ്മതമല്ല എന്ന് കരാറുകാരൻ അറിയിച്ചിരുന്നതിനാലും 2024-ൽ ഭരണാനുമതി നൽകിയ പ്രവൃത്തിയാകയാലും ഇനിയും കാലതാമസം ഉണ്ടാക്കുന്നത് പദ്ധതിയുടെ ചെലവ് ഇനിയും കൂട്ടാൻ ഇടയാക്കുമെന്നത് കണക്കിലെടുത്തും DSR 2021 പ്രാബല്യത്തിൽ വന്നതിനാലും റീടെണ്ടർ ചെയ്താലും ഇതിലും കുറവ് നിരക്ക് ലഭിക്കാൻ സാധ്യത ഇല്ല എന്നതിനാലും "General ASE works- Construction and Reformation of Kappad seawall in between CP 1911 and CP 1919 in Koyilandy Constituency in Kozhikode District" എന്ന പ്രവൃത്തിക്ക് M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (M/s.ULCCS Ltd) -ന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി എസ്റ്റിമേറ്റ് പി എ സി -യെക്കാൾ 29.16% അധിക നിരക്കിലുള്ള ₹6,51,28,302.92/- (ആറ് കോടി അൻപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി മുന്നൂറ്റി രണ്ടു രൂപ തൊണ്ണൂറ്റി രണ്ടു പൈസ മാത്രം) രൂപയുടെ ടെൻഡർ അംഗീകരിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം
സൂപ്രണ്ടിങ് എഞ്ചിനീയർ, ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (11.02.2026 തീയതിയിലെ ഇനം നം3637)
ധനകാര്യ വകുപ്പ്( യു ഒ ഫയൽ നം E-2840684 I&PW-B3/152/2024-FIN തീയതി 15.10.2025)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Malini T J
Date: 16-02-2026 10:41:17
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 11-02-2026

ഫയൽ നം. IR2/275/2025/ജവിവ. ഇനം നം: 3637

വിഷയം : ജലവിഭവ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കാപ്പാട് കടൽത്തീരത്തിലെ CP 1911 and CP 1919-നും ഇടയിലുള്ള കടലാക്രമണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 29.16 ശതമാനം ഉയർന്ന നിരക്കിൽ M/s.ULCCS സമർപ്പിച്ച ₹6,51,28,302.90/- രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

3637

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : IR2/275/2025-ജവിവ |
| 2. | വകുപ്പ് | : ജലവിഭവ (ഐ.ആർ) വകുപ്പ് |
| 3. | വിഷയം | : ജവിവ - കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കാപ്പാട് കടൽത്തീരത്തിലെ CP 1911 and CP 1919 -നും ഇടയിലുള്ള കടലാക്രമണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 29.16 ശതമാനം ഉയർന്ന നിരക്കിൽ M/s. ULCCS സമർപ്പിച്ച ₹6,51,28,302.90 /- രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 18/11/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | : ശ്രീമതി. ദീപ.എൻ.സി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24/01/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ. ജയതിലക് |
| 11. | മന്ത്രിസഭയുടെ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 04/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 04/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 05/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കാപ്പാട് കടൽ തീരത്തിലെ സി.പി.1911 നും സി.പി.1919-നും ഇടയിലുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 29.16% ഉയർന്ന നിരക്കിൽ M/s.ULCCS സമർപ്പിച്ച ₹6,51,28,302.90/- രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 30.08.2024 ലെ സ.ഉ(സാധാ)നം.661/2024/ജവിവ ഉത്തരവ് പ്രകാരം Construction and reformation of Kappad seawall in between CP 1911 and CP 1919 in Koyilandy constituency in Kozhikode District എന്ന പ്രവൃത്തിയ്ക്ക് ₹6 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 05/12/2024-ലെ IRR/IA/TR/1937/2024_5_1_1/1 നമ്പർ പ്രകാരം ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും പങ്കെടുക്കാതിരുന്നതിനാൽ റീ ടെണ്ടർ ചെയ്യുകയും താഴെ പറയുന്ന 2 കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു.

| SL.No | Name of bidder |
|---|---|
| 1 | M/s. ULCCS Ltd. Madappally College, Vadakara-673102 |
| 2 | Sri. Mansoor P.M, Aqua Marine Apartments 4th B, Payyambalam Kannur-670001 |

3. 07/04/2025 തീയതിയിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വച്ച് നടന്ന PQ കമ്മിറ്റി തീരുമാനപ്രകാരം ടി 2 കരാറുകാരേയും അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 10/04/2025-ന് കരാറുകാരുടെ ഫിനാൻഷ്യൽ ബിഡ് തുറന്നിരുന്നു.

**ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| SL.NO. | Name of bidder | Quoted PAC (Rs) | Remarks |
|---|---|---|---|
| 1 | M/s ULCCS Ltd. Madappally College, Vadakara-673102 | ₹6,51,28,302.92/- | L1 (29.16% above estimate PAC) |
| 2 | Sri.Mansoor P.M., Aqua Marine Apartments 4th B, Pattambalam Kannur - 670001 | ₹6,70,45,730.70/- | L2 (32.97% above estimate PAC) |

4. ടി കരാറുകാരിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ M/s. ULCCS Ltd, Madappally College, Vadakara - 673102 (29.16% above estimate PAC) - നോട് നിരക്ക് കുറച്ച് നല്കുവാൻ PRICE മുഖാന്തരം ആവശ്യപ്പെട്ടുവെങ്കിലും ക്വാട്ട് ചെയ്ത നിരക്കുകൾ കുറച്ച് നൽകുവാൻ സമ്മതമല്ല എന്ന് അറിയിച്ചു. 26.05.2025-ന് വച്ച് ചേർന്ന ഡിപ്പാർട്ട്മെന്റൽ ടെണ്ടർ കമ്മിറ്റി കരാറുകാരനോട് വീണ്ടും നെഗോസിയേഷൻ ആവശ്യപ്പെടുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ കരാറുകാരൻ പ്രൈസ് മുഖേന ക്വാട്ട് ചെയ്ത നിരക്കുകൾ കുറച്ച് നൽകുവാൻ സമ്മതമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

**നിരക്കിന്റെ താരതമ്യം ഇപ്രകാരമാണ്**

| | |
|---|---|
| Estimate PAC (Rs) | ₹5,04,23,033/- |
| Quoted PAC (Rs) of L1 bidder | ₹6,51,28,302.92/- 29.16% above EPAC |
| LMR PAC (Rs) | ₹6,13,64,883.48/- 21.70% > EPAC |
| SOR (2018) + 10% (Rs) | ₹5,54,65,336/- 10.00% > EPAC |
| Current SOR (DSR2021) + 10% (Rs) | ₹5,76,93,118/- 14.42% > EPAC |

ഫേം കാലാവധി അവസാനിക്കുന്നത് സാമ്പത്തിക ബിഡ് തുറന്ന തീയതി മുതൽ 120 ദിവസം, അതായത് 07/08/2025 വരെയായിരുന്നു.

5. നിലവിലുള്ള 28/04/2021-ലെ സ.ഉ.(പി.)നം. 67/2021/ധന സർക്കാർ ഉത്തരവ് അനുസരിച്ച് താഴെ പറയുന്നതിൽ ഏറ്റവും കുറഞ്ഞ തുകയാണ് അനുവദനീയമായ ടെൻഡർ നിരക്ക്.

- ഏറ്റവും കുറഞ്ഞ ടെൻഡർ തുക
- പിഡബ്ല്യുഡി അംഗീകരിച്ച പ്രാദേശിക വിപണി നിരക്കുകൾ
- ഏറ്റവും പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള നിലവിലെ ഡിഎസ്ആർ+10% ടോളറൻസ് പരിധി.

6. DSR 2021 പ്രാബല്യത്തിൽ വന്നതിനാലും തുടർന്നും റീടെണ്ടർ ചെയ്താലും ഇതിലും കുറവ് നിരക്ക് ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാലും M/s.ULCCS Ltd. ക്വാട്ട് ചെയ്ത തുകയായ ₹6,51,28,302.92/- (Rupees Six Crore Fifty One Lakh Twenty Eight thousand Three hundred and Two and Paise Ninety two only) - (29.16% above estimate PAC) രൂപയ്ക്ക് അംഗീകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

7. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"AD is informed that as per para 4(v) of G.O. (P) No. 16/2017/Fin dated 06/02/2017, if L1 received is above the approved amount even after retendering, the estimate should be reworked and revised estimate shall be prepared taking into account of the special physical conditions of the area where the work is being executed and re-tender shall be initiated based on the revised estimate.*

*However CE Irrigation & administration had requested Govt. to consider the lowest offer obtained in re-tender with the following reason:*

*" Even if present work is retendered the chances of getting better offers is remote and since DSR 2021 is in force, there is no chance of getting a lower quoted than present obtained quote."*

*Hence Administrative Department is advised to conduct negotiations with the contractor to reduce the quoted rate at par with the current DSR 2021+10%.*

***Alternatively***

*If the contractor is still not willing for further negotiation, AD is also advised to submit the tender excess proposal of the work "Construction and Reformation of Kappad seawall in between CP 1911 and CR 1919 in Koyilandy Constituency in Kozhikode District of Rs. 6,51,28,302/- (29.16% above EPAC) to the Council of Ministers for approval.*

*This has the approval of Hon'ble Minister( Finance)*

8. കരാറുകാരിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ M/s ULCCS Ltd (29.16% above estimate PAC) നിരക്ക് കുറച്ചു നൽകുവാൻ PRICE മുഖാന്തരവും departmental tender committee തീരുമാന പ്രകാരം negotiation നും ആവശ്യപ്പെട്ടുവെങ്കിലും quote ചെയ്ത നിരക്കുകൾ കുറച്ചു നൽകുവാൻ സമ്മതമല്ല എന്ന് കരാറുകാരൻ അറിയിച്ചിരുന്നു. 2024-ൽ ഭരണാനുമതി നൽകിയ പ്രവൃത്തിയാണ്. ഇനിയും കാലതാമസം ഉണ്ടാകുന്നത് പദ്ധതിയുടെ ചെലവ് ഇനിയും കൂടാൻ സാധ്യതയുള്ളൂ. കൂടാതെ DSR 2021 പ്രാബല്യത്തിൽ വന്നതിനാലും തുടർന്നും റീടെണ്ടർ ചെയ്താലും ഇതിലും കുറവ് നിരക്ക് ലഭിക്കാൻ

സാധ്യത ഇല്ലാത്തതിനാലും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (M/s ULCCS), quote ചെയ്ത നിരക്കുകൾ ഇനിയും കുറച്ച് നൽകുവാൻ സമ്മതമല്ല എന്ന് അറിയിച്ചതിനാലും 2024-ൽ ഭരണാനുമതി നൽകിയ പ്രവൃത്തിയായതിനാലും, ഇനിയും കാലതാമസം ഉണ്ടാകുന്നത് പദ്ധതിയുടെ ചെലവ് ഇനിയും കൂട്ടുന്നതിനേ ഉപകരിക്കു എന്നകാരണത്താലും, "General ASE works- Construction and Reformation of Kappad seawall in between CP 1911 and CP 1919 in Koyilandy Constituency in Kozhikode District" എന്ന പ്രവൃത്തി നടപ്പിലാക്കാൻ M/s. ULCCS ക്ക് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി എസ്റ്റിമേറ്റ് പി.എ.സി-യേക്കാൾ 29.16% ഉയർന്ന നിരക്കായ 6,51,28,302.90/- (ആറു കോടി അൻപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി മുന്നൂറ്റി രണ്ട് രൂപ തൊണ്ണൂറ് പൈസ് മാത്രം) രൂപയുടെ ടെൻഡർ അംഗീകരിച്ച് നൽകാമോ ?